# ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകളിൽ നിന്ന്

**ടി.വി. ഈച്ചരവാരിയർ**

## കക്കയം ക്യാമ്പ്

അടുത്തകാലത്ത് ശ്രീ. കെ. കരുണാകരൻ ഒരു വീരവാദം മുഴക്കി. കേരളത്തിൽ ഇന്ന് നക്സലൈറ്റ് പ്രസ്ഥാനം തീരെയില്ല. അതിനുത്തരവാദി ഞാനും തന്റെ ഭരണതന്ത്രവുമായിരുന്നു എന്നായിരുന്നു കരുണാകരന്റെ വാക്കുകൾ. കായണ്ണ പോലീസ് സ്റ്റേഷൻ ആക്രമണവും അതിനോടനുബന്ധിച്ചു നടന്ന പോലീസ് നായാട്ടുമാണ് കരുണാകരനെ ഇങ്ങനെ പ്രസ്താവിക്കാൻ ഇടംകൊടുത്തതെന്ന് അനുമാനിക്കുന്നു.

1976 ഫെബ്രുവരി 28-ന് ആരെല്ലാമോ ചേർന്ന് കായണ്ണ പൊലീസ് സ്റ്റേഷൻ ആക്രമിച്ച് അവിടെനിന്ന് ഒരു തോക്ക് കവർന്നെടുത്ത് കടന്നു കളഞ്ഞു. ഈ സംഭവം നക്സലൈറ്റുകളുടേതാണ് എന്ന് അനുമാനിക്കാൻ അധികാരികൾക്ക് ഒട്ടും താമസം ഉണ്ടായില്ല. കായണ്ണ പൊലീസ് സ്റ്റേഷൻ ആക്രമണത്തെക്കുറിച്ചുള്ള അന്വേഷണത്തിനു വേണ്ടിയാണ് കക്കയത്ത് ക്യാമ്പുണ്ടാക്കിയത്.........

.....................................................

ഇംഗ്ലണ്ടിലെ സ്കോട്ലാൻഡ് യാർഡിൽനിന്ന് കുറ്റാന്വേഷണത്തിനുള്ള ആധുനിക തന്ത്രങ്ങൾ പരിശീലിച്ച് മടങ്ങിവന്ന ക്രൈംബ്രാഞ്ച് ഡി.ഐ.ജി.ജയറാം പടിക്കലിനായിരുന്നു അന്വേഷണത്തിന്റെ ചുമതല. ഈ കേസ് പൂർണ്ണമായും അദ്ദേഹത്തിന്റെ കൈപ്പിടിയിലായിരുന്നു............ മർദ്ദനമായിരുന്നു ഇവരുടെ ഏക രീതി. അതവർ ധാരാളമായി പ്രയോഗിക്കുകയും ചെയ്തു.

മാർച്ച് 1 നാണ് ചാത്തമംഗലം റീജണൽ എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള കുറ്റവാളികളെ പിടിക്കാൻ ജീപ്പും കൊണ്ട് പൊലീസ് പോയത്. തലേന്ന് ഫാറൂഖ് കോളേജിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡി-സോൺ യൂത്ത് ഫെസ്റ്റിവൽ നടക്കുകയായിരുന്നു. എന്റെ മകൻ രാജൻ അതിൽ ആദ്യന്തം ഒരു സജീവ പങ്കാളിയായിരുന്നു. 28-ാം തിയ്യതി രാത്രി മുഴുവൻ രാജൻ കോളേജിലുണ്ടായിരുന്നു. കോളേജിൽനിന്ന് 29-ാം തിയ്യതി രാവിലെ ആർ.ഇ.സി. ഹോസ്റ്റലിന്റെ മുറ്റത്ത് കോളേജ് ബസ്സിൽ കൂട്ടുകാരോടൊപ്പം വന്നിറങ്ങി. ഉടനെ പൊലീസ് അവനെ പിടിച്ചു.

രാജൻ കുറ്റവാളിയാണോ എന്നറിയുന്നതിന് ഫാറൂഖ് കോളേജിൽ അന്വേഷിച്ചിരുന്നുവെങ്കിൽ മാത്രം മതിയായിരുന്നു. കായണ്ണ പൊലീസ് സ്റ്റേഷൻ ആക്രമണം നടക്കുമ്പോൾ രാജൻ ഫെസ്റ്റിവലിൽ പങ്കെടുക്കുകയായിരുന്നു. കോളേജ് ബസ്സിൽ വന്നിറങ്ങിയ അധ്യാപകരും വിദ്യാർത്ഥികളും ഇപ്പറഞ്ഞതിന് സാക്ഷിയായിരുന്നു.

എന്നാൽ പൊലീസ് ആരോടും ഒന്നും ചോദിച്ചില്ല.................

കക്കയം ക്യാമ്പിൽവെച്ച് എന്റെ മകൻ ഏറ്റുവാങ്ങിയ പീഡനങ്ങളെക്കുറിച്ച് എഴുതുവാൻ എനിക്ക് കരുത്തുണ്ടാവുമോ എന്നറിയില്ല. കക്കയം ക്യാമ്പിൽ ഹിറ്റ്ലറുടെ കോൺസൻട്രേഷൻ ക്യാമ്പിനെ അനുസ്മരിപ്പിക്കുന്ന രീതിയിലുള്ള പീഡനമുറകളാണ് അരങ്ങേറിയത്. ഒരു തലമുറയുടെ ചിന്താപരമായ നൈതികതയെ മുഷ്ടികൊണ്ട് തകർക്കാൻ കഴിയുമോ എന്നുള്ള തീർത്തും ജനാധിപത്യവിരുദ്ധവും ഹൃദയശൂന്യവുമായ ഒരു പരീക്ഷണമാണ് ക്യാമ്പിൽ അരങ്ങേറിയത്. ജയറാം പടിക്കലെന്ന പൊലീസ് ഓഫീസർ അതിലെത്രമാത്രം വിജയിച്ചു എന്ന് ചരിത്രം വിലയിരുത്തേണ്ട ഒന്നാണ്.........

എന്റെ മകനെക്കുറിച്ച് പറയുമ്പോൾ എന്റെ വാക്കുകൾ വൈകാരികമായ ഒരു വൻകാറ്റിൽപെട്ട് ഇടറിയേക്കാം. എന്റെ കൈകളിൽ തൂങ്ങി പിച്ചവെച്ച, അച്ഛാ എന്ന് ഇടവിട്ട് കൊഞ്ചിയ ഒരു പിഞ്ചു കുഞ്ഞായിരുന്നു രാജൻ എനിക്കെന്നും. അതുകൊണ്ട് എന്റെ വിലയിരുത്തലുകളിൽ പക്ഷപാതിത്വത്തിന്റെ ചെറിയ മുഴക്കങ്ങൾ ചിലർക്കെങ്കിലും ദർശിക്കാൻ കഴിഞ്ഞാൽ മകൻ നഷ്ടപ്പെട്ടുപോയ ഒരച്ഛന്റെ വകതിരിവില്ലായ്മയാണെന്ന് കരുതുക.

## ആരോടും പകയില്ലാതെ

ഒന്നും പറയണമെന്ന് ഞാൻ പറഞ്ഞില്ല. അറിയണമെന്ന് എനിക്ക് ആഗ്രഹവുമുണ്ടായില്ല. എന്നിട്ടും അവരത് പറഞ്ഞു. പീഡനത്തിന്റെ കാണാത്തതും കേൾക്കാത്തതുമായ മുറകൾ.

ജീപ്പുകൾ ക്യാമ്പുകളിലേക്ക് ഇരമ്പി എത്തിക്കൊണ്ടിരുന്നു. അതിൽനിന്നും നിരവധി കുട്ടികൾ ക്യാമ്പിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടു. ഭീകരമായ മർദ്ദനത്തിനുശേഷം അവരെയൊക്കെ ഒരു ബഞ്ചിൽ കിടത്തി കൈകാലുകൾ കീഴ്പോട്ടാക്കി ബഞ്ചിനോട് ചേർത്തു കെട്ടി. പിന്നെ മരംകൊണ്ട് ചെത്തിമിനുക്കിയുണ്ടാക്കിയ ഭാരമുള്ള ഉലക്കകൊണ്ട് തുടയിൽ ഉരുട്ടും. ഈ പ്രയോഗം പലർക്കും സഹിക്കാൻ കഴിഞ്ഞില്ല. നിലവിളിക്കാതിരിക്കാൻ വായിൽ തുണി തിരുകിയതുകൊണ്ട് പലരുടേയും ഞരക്കങ്ങൾവരെ പുറത്തുകേട്ടില്ല........

അപ്പോൾ പുലിക്കോടൻ നാരായണൻ ബൂട്ട്സിട്ട കാലുകൊണ്ട് രാജന്റെ വയറ്റിൽ ചവിട്ടി. ഒരു നിലവിളിയോടെ രാജൻ പിറകോട്ട് മറിഞ്ഞു. നിലത്തുവീണ് കൈകാലിട്ടടിച്ച് ഒന്നു പിടഞ്ഞു. പിന്നെ രാജൻ അനങ്ങിയില്ല. മരിച്ചുവെന്നുറപ്പായപ്പോൾ....... എന്റെ നിഷ്കളങ്കമായ കുഞ്ഞിനെ മരിച്ചിട്ടും നിങ്ങളെന്തിനാണ് മഴയത്ത് നിറുത്തിയിരിക്കുന്നത്.........

ഞാൻ വാതിലടയ്ക്കുന്നേയില്ല. പെരുമഴ എന്നിലേക്കു പെയ്തു വീഴട്ടെ. ഒരു കാലത്തും വാതിലുകൾ താഴിടാനാവാത്ത ഒരച്ഛനെ അദൃശ്യനായ എന്റെ മകനെങ്കിലും അറിയട്ടെ.

(ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ- പ്രൊഫ. ടി.വി. ഈച്ചരവാരിയർ, പേജ് 146, വില 80 രൂപ, കറന്റ് ബുക്സ്, തൃശൂർ)